# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 3**

---

## പ്രൈവറ്റ് രജിസ്ട്രേഷൻ ഡിഗ്രി, പിജി; സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 12 വരെ നീട്ടി.*

*ഫൈനോടു കൂടി സെപ്റ്റംബർ 13 മുതൽ 20വരെയും സൂപ്പർ ഫൈനോടുകൂടി സെപ്റ്റംബർ 21 മുതൽ 30 വരെയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ* https://www.mgu.ac.in/admission/private-registration-2/ *എന്ന ലിങ്കിൽ.*
*(പി.ആർ.ഒ/39/806/2024)*

## ഓണേഴ്സ് ബിരുദം; പരിശീലനം തുടങ്ങി

*ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലയിലെ മാനവ വിഭവശേഷി വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള പരിശീലന പരിപാടി ആരംഭിച്ചു. അനധ്യാപക ജീവനക്കാർക്കും സെനറ്റിലെ വിദ്യാർഥി പ്രതിനിധികൾക്കുമായുള്ള പരിശീലനം സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ഉദ്ഘാടനം ചെയ്തു.*

*സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ് സുമേഷ്, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സെനറ്റ് അംഗം എം.എസ്. സുരേഷ് എന്നിവർ പങ്കെടുത്തു.*
*വിവിധ ബാച്ചുകളായി തിരിച്ചുള്ള പരീശീലനം നാളെ(സെപ്റ്റംബർ 5) സമാപിക്കും.*
*(പി.ആർ.ഒ/39/807/2024)*

## പ്രഫ. സാബു തോമസിന് പുരസ്കാരം സമ്മാനിച്ചു

*ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗ് സർവകലാശാലയുടെ വൈസ് ചാൻസലേഴ്സ് ഗ്ലോബൽ എക്സലൻസ് പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസിന് സമ്മാനിച്ചു. ജൊഹാനസ്ബർഗ് സർവകലാശാലയിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ലെതഹോകെ എംപെഡിയാണ് പുരസ്കാരദാനം നിർവഹിച്ചത്.*

*പോളിമെർ സയൻസ്, നാനോസയൻസ് മേഖലകൾക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പ്രഫ. സാബു തോമസിനെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. ജൊഹാനസ്ബർഗ് സർവകലാശാലയിലെ ഡിസ്റ്റിംഗുഷ്ഡ് പ്രഫസറായ അദ്ദേഹം ച ടങ്ങിനോടനുബന്ധിച്ച് പ്രഭാഷണം നടത്തി. നിലവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർനാഷണൽ ആൻ്റ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജിയുടെ ഡയറക്ടറുമാണ് പ്രഫ. സാബു തോമസ്.*
*(പി.ആർ.ഒ/39/808/2024)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ബയോടെക്നോളജി, ംഎസ്സി മൈക്രോബയോളജി(2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻ്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/809/2024)*

## വൈവ വോസി

*മൂന്നും നാലും സെമസ്റ്റർ എംഎ ഇംഗ്ലീഷ് പ്രൈവറ്റ് രജിസ്ട്രേഷൻ സിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 10ന് കോട്ടയം ബസേലിയസ് കോളേജിൽ നടക്കും.*

*(പി.ആർ.ഒ/39/810/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ